**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരം കാര്യമായി ലഭ്യമാകാത്തത് സംസ്ഥാനങ്ങളെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം കൃത്യമായി വിതരണം ചെയ്യാത്തത് സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് സ്ഥിതി കൂടുതൽ വഷളാക്കിയെന്നതും വസ്തുതയാണ്. |
| (ബി) | കേരളത്തിന്റെ കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഇതുവഴി സംസ്ഥാനത്തിന് പ്രതിവർഷം എത്രത്തോളം നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദീകരിക്കാമോ; | (ബി) | 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാന നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാന നികുതി വിഹിതം ആദ്യ വർഷം (2020-21) 1.943% ആയും തുടർന്നുള്ള വർഷങ്ങളിൽ 1.925% ആയും കുറഞ്ഞിട്ടുണ്ട്. 2020-21 വർഷത്തിൽ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം 11560.65 കോടി രൂപയാണ്. 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ 2020-21 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വിഹിതം 14874.74 കോടി രൂപയാണ്. 2021-22-ലെ നികുതി വിഹിതം സംബന്ധിച്ച അന്തിമ കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ചാൽ മാത്രമേ ലഭ്യമാകൂ. |
| (സി) | കേന്ദ്ര നയത്തിന്റെ ഫലമായി സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് പ്രത്യേക പാക്കേജുകൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുന:രുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ സംസ്ഥാനം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ട് വച്ചിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:- 1. സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണയ്ക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിക്കുക. 2. കോവിഡ്-19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്. 3. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുക. 4. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിൽ ഉണ്ടായ നഷ്ടം നികത്തൽ. 5. പെട്രോൾ-ഡീസൽ സെസ്സും സർചാർജ്ജും യുക്തി സഹമാക്കുക. 6. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പ സാമ്പത്തിക വർഷത്തിലേക്കും അടുത്ത 2 വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. 7. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുക. 8. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. 9. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. 10. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ